പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.364 29.06.2016-ൽ മറുപടിയ്ക്ക്

## സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ.രാജേഷ്<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.ഒ.ആർ.കേളു | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) | പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ആരോപണങ്ങൾ സമഗ്രാന്വേഷണത്തിന് വിധേയമാക്കുമോ ; | (ബി) | സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഉള്ള ആരോപണങ്ങൾ സമഗ്രാന്വേഷണത്തിന് വിധേയമാക്കുന്നതാണ്. |
| (സി) | സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യസ്വഭാവം ഇല്ലാതാക്കി നാമനിർദ്ദേശ കൗൺസിലുകളാക്കാൻ 2015 -ൽ മുൻ സർക്കാർ കൊണ്ടുവന്ന നിയമഭേദഗതി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് പരിശോധിക്കുകയും ആയതിലെ വ്യവസ്ഥകൾ സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യസ്വഭാവം ഇല്ലാതാക്കുന്നവയാണ് എന്ന് ബോധ്യപ്പെടുകയും െ ചയ്യുന്നപക്ഷം സമഗ്രമായ നിയമഭേദഗതി കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | ഈ സർക്കാരിന്റെ കായിക നയം വ്യക്തമാക്കുമോ ; നയത്തിനനുസൃതമായി സ്പോർട്സ് കൗൺസിലുകളെ പുന:സംഘടിപ്പിക്കുമോ ? | (ഡി) | കായികമേഖലയിൽ ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുക്കിയ കായികനയം പ്രഖ്യാപിക്കുന്നതാണ്. സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ രാജി സമർപ്പിച്ചതിനെ തുടർന്ന് സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലനിൽക്കുന്നില്ലാത്ത സാഹചര്യത്തിൽ ആയത് പുന:സംഘടിപ്പിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ